# Deepika

## 28 August 2018

## Kochi: Flood relief, Cleaning



### കുന്നുകര പഞ്ചായത്തിനെ കിഴക്കമ്പലം പഞ്ചായത്ത് ദത്തെടുത്ത് ശുചീകരിക്കും

**കൊച്ചി:** ജില്ലയിൽ പ്രളയബാധിത പ്രദേശങ്ങളിലെ ശുചികരണ പ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. നിലവിൽ പ്രളയം ശക്തമായി ബാധിച്ച 22 പഞ്ചായത്തുകളിലാണു ശുചീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. കൂടാതെ പ്രളയബാധിത പ്രദേശമായ കുന്നുകര ഗ്രാമപഞ്ചായത്തിനെ കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് ദത്തെടുത്ത് മുഴുവൻ ക്ലീനിംഗ് ജോലികളും ചെയ്തു കൊടുക്കുമെന്നു കിഴക്കമ്പലം പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ജേക്കബ് അറിയിച്ചു.

അജൈവ മാലിന്യങ്ങൾ പഞ്ചായത്തുകളിലെ ഒന്നോ അതിലധികമോ സ്ഥലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ താൽക്കാലികമായി ശേഖരിക്കുകയും അവിടെനിന്ന് ക്ലീൻ കേരള, ജിജെ എക്കോ പവർ എന്നീ കമ്പനികളുടെ സഹായത്തോടെ ജില്ലയിലെ കേന്ദ്രീകൃത സംവിധാനത്തിലേക്കു മാറ്റി പുന:ക്രമീകരിക്കുകയും ചെയ്യും. ഇതിന്റെ ഭാഗമായി ഏലൂർ, ഞാറയ്ക്കൽ, കുന്നുകര, അങ്കമാലി എന്നിവിടങ്ങളിൽനിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിച്ചു. ജില്ലയിൽ സ്വന്തമായി മാലിന്യ സംഭരണ സംവിധാനമുള്ള പഞ്ചായത്തുകൾ അജൈവ മാലിന്യങ്ങൾ അതാത് സ്ഥലങ്ങളിൽ ശേഖരിക്കുന്നുണ്ട്.

ജൈവമാലിന്യങ്ങൾ അതാത് പ്രദേശങ്ങളിൽ തന്നെ വേഗത്തിൽ സംസ്കരിക്കുന്നതിനും ദുർഗന്ധം ഇല്ലാതാക്കുന്നതിനുമായി 2.4 ടണ്ണോളം സാനിട്രീറ്റ്, ബയോക്കുലം എന്നിവ പഞ്ചായത്തുകൾക്കും മുനിസിപ്പാലികൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ കുടിവെള്ള സ്രോതസുകൾ അണുവിമുക്തമാക്കുന്നതിന് ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും യുണിസെഫുമായി ചേർന്നുള്ള നടപടികൾ അടുത്ത ദിവസം മുതൽ ആരംഭിക്കും. ഇതിനായി കുടുംബശ്രീ മുഖേന പരിശീലനം നൽകും. മാത്രമല്ല രണ്ടായിരത്തി ഇരുന്നൂറോളം പോലീസുകാർ കോളനികളും വീടുകളും കേന്ദ്രീകരിച്ചും നൂറോളം പേർ പൊതുറോഡുകൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങളിലും ഏർപ്പെടുന്നുണ്ട്.

ജില്ലയ്ക്കകത്തും പുറത്തുമുള്ള ഐടിഐകളിലെ വിദ്യാർഥികളും അധ്യാപകരുമായി 250 ഓളം പേരെ കളമശേരി ഐടിഐ കേന്ദ്രീകരിച്ച് ജില്ലാ ഭരണകൂടത്തിന്റെ നിർദേശമനുസരിച്ച് വിവിധ പഞ്ചായത്തുകളിലേക്ക് വിന്യസിക്കുന്നുണ്ട്. ഒപ്പം കൂത്തുപറമ്പ്, മുനിസിപ്പൽ ചെയർമാന്റെ നേതൃത്വത്തിലുള്ള ടീം, കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീം കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽനിന്നുമുള്ള ആയിരക്കണക്കിനു പൊതു പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ട്. ഇവർക്കാവശ്യമായിട്ടുള്ള 50 പെട്രോൾ മോട്ടോർ പമ്പുകൾ, പ്രഷർ പമ്പുകൾ, ഗംബൂട്ട്സ്, ഗ്ലൗസുകൾ, ഫിനോൾ, ബ്ലീച്ചിംഗ് പൗഡർ, മറ്റ് ക്ലീനിംഗ് ഉപകരണങ്ങൾ എന്നിവ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്. 25 ഡീസൽ മോട്ടർ പമ്പുകൾ കൂടി അടുത്ത ദിവസങ്ങളിൽ പഞ്ചായത്തുകൾക്കു ലഭ്യമാകും. ഇതിനായി നെടുമ്പാശേരിയിലും പറവൂരും പുത്തൻകുരിശിലും കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ശുചീകരണ പ്രവർത്തനങ്ങളോടൊപ്പം പറവൂർ, ആലുവ, മൂവാറ്റുപുഴ താലൂക്കുകളിലെ ദുരിതബാധിത പ്രദേശങ്ങളിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.